(എ) കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്ക്കൂളിന് സ്ഥിരം കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി ഇപ്പോൾ ഏത് അവസ്ഥയിലാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ടെൻഡർ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടുവത്ത് മോഡൽ റസിഡൻഷ്യൽ സ്ക്കൂളിന് 333 ലക്ഷം രൂപ ചെലവിൽ കെട്ടിടം പണിയുന്നതിന് അ.ഉ.(കൈ)86/99 തീയതി 27-9-1999 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെൻഡർ നടപടികൾ 20-1-2000 ത്തോടെ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

21 (930) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ആനുകൂല്യം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും 'സ്വന്തമായി വീട്' എന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകുമോ എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതികണക്ഷൻ ലഭിക്കുന്നതിന് പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും എന്തെല്ലാം ആനുകൂല്യം നൽകിവരുന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപതാം പദ്ധതിയോടെ സംസ്ഥാനത്തെ വീടില്ലാത്ത മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും വീട് നൽകുന്നതിനുള്ള പദ്ധതികൾ ഇതിനകം ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപപദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതി എത്താത്ത പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വീടുകൾ വൈദ്യുതീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റും തദ്ദേശഭരണ സ്ഥാപനങ്ങളും ധനസഹായം നൽകുന്നു.

22 (931) സ്വയം കോർഡിനേറ്റർ ഒഴിവുകളിൽ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക പിന്നോക്ക-സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില ജില്ലകളിൽ നെഹ്റു യുവക്കേന്ദ്ര കോർഡിനേറ്റർമാരുടെ ഒഴിവുകളിൽ നിയമനം നടന്നിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ ഒഴിവ് നിലവിൽ ഉള്ളത്.

(ബി) ഈ തസ്തികയിൽ നിയമനം നടത്താത്തതിനാൽ പ്രസ്തുത ജില്ലകളിൽ നെഹ്റു യുവക്കേന്ദ്രസംഘത്തിന് കീഴിലുള്ള യുവജനക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly